# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5071 27-07-2015 ൽ മറുപടിക്ക്

## എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ പ്രൊമോഷന് സ്പെഷ്യൽ റൂൾസിൽ പറയുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പാൾ നിയമനം 09.11.2001-ലെ ജി.ഒ (പി)നം.331/2001/പൊ.വി.വ, 27.03.2009-ലെ ജി.ഒ(പി)നം.93/2009/പൊ.വി.വ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ടി റൂൾസിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ നിയമനം ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയിൽ നിന്നുള്ള പ്രൊമോഷൻ വഴിയും യോഗ്യരായ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽ നിന്നും ബൈട്രാൻസ്ഫർ നിയമനം വഴിയും 2:1 അനുപാതത്തിൽ നടത്താവുന്നതാണ്. എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തികയിലേക്ക് പരിഗണിക്കുന്നതിനായി ഹയർസെക്കന്ററി സ്കൂൾ തലത്തിൽ അദ്ധ്യാപന പരിചയമുള്ള എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകർക്കാണ് മുൻഗണനയുള്ളത്. എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം മേൽ വിവരിച്ച രണ്ടു രീതികളിൽ നടത്തുന്നതിന് യോഗ്യരായവരുടെ അഭാവത്തിൽ ടി ഒഴിവുകൾ മറ്റ് രീതിയിൽ നികത്താവുന്നതാണ്. എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തിക ഒരു സെലക്ഷൻ തസ്തികയാണ്. ടി തസ്തികയിലേക്കുള്ള നിയമനം ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. മാനേജർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിയായിരിക്കും ടി കമ്മിറ്റിയുടെ ചെയർമാൻ. ഏതെങ്കിലും കോളേജിലെ മാനേജർ നോമിനേറ്റ് ചെയ്യുന്ന സെലക്ഷൻ ഗ്രേഡ് ലെക്ച്ചറർ/റീഡർ/ പ്രിൻസിപ്പൽ, മാനേജർ നോമിനേറ്റ് ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ എന്നിവരാണ് സെലക്ഷൻ കമ്മിറ്റിയിൽ അംഗമാകേണ്ടത്. പ്രിൻസിപ്പൽ പ്രൊമോഷന് പരിഗണിക്കാനായി നേരിട്ടുള്ള നിയമനത്തിന് ചുവടെ ചേർക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം. |

1)കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികളിൽ നിന്ന് 50%-ൽ കുറയാത്ത മാർക്കോടു കൂടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികൾ അംഗീകരിച്ച മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ബിരുദാനന്തര ബിരുദം

2) കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബി.എഡ്സ് അല്ലെങ്കിൽ കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ബി.എഡ്സ്.

3) ഒരു എജ്യൂക്കേഷൻ ഏജൻസിയുടെ കീഴിൽത്തന്നെയുള്ള ഹയർസെക്കന്ററി തലത്തിലെ 12 വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം.

മേൽ പ്രസ്താവിച്ച യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഒരു എജ്യൂക്കേഷൻ ഏജൻസിയുടെ കീഴിൽത്തന്നെയുള്ള അംഗീകൃത അദ്ധ്യാപന പരിചയമുള്ള യോഗ്യരായ ഹൈസ്കൂൾ/ അപ്പർ പ്രൈമറി/പ്രൈമറി അദ്ധ്യാപകരെയും പരിഗണിക്കും. ടി അദ്ധ്യാപകർക്ക് ഹയർ സെക്കന്ററി അദ്ധ്യാപകരായി (ജൂനിയർ/ സീനിയർ) 6 വർഷം അദ്ധ്യാപന പരിചയം ഉണ്ടായിരിക്കണം.

<u>ബൈട്രാൻസ്ഫർ നിയമനം</u>

ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽ നിന്നും ബൈട്രാൻസ്ഫർ രീതിയിൽ പ്രിൻസിപ്പൽ നിയമനം നടത്തുന്നതിനായി മുകളിൽ സൂചിപ്പിച്ച വിദ്യാഭ്യാസ യോഗ്യതകളും ഒരു എജ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ തന്നെയുള്ള 12 വർഷത്തെ അദ്ധ്യാപന പരിചയവും ഉണ്ടായിരിക്കേണ്ടതാണ്.

(ബി) അവയ്ക്ക് വിരുദ്ധമായി കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും എയ്ഡഡ് ഹയർസെക്കന്ററി സ്കൂളിൽ പ്രിൻസിപ്പൽ നിയമനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) പ്രസ്തുത നിയമനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ചോദ്യം ഉദിക്കുന്നില്ല

സെക്ഷൻ ഓഫീസർ